# *INCOME TAX 2016-17 – Short notes*

*Prepared by Sudheer Kumar T K, mail: sudeeeertk@gmail.com*

## 2016-17 ലെ ആദായ നികുതി കണക്കാക്കുന്ന വിധം.

2016 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ മാസങ്ങളിലെ Pay, Pension, DA, HRA, CCA, Special Allowance, Overtime Allowance , 2016 ഏപ്രിൽ ഒന്നിനും 2017 മാർച്ച് 31 നും ഇടയിൽ ലഭിച്ച Festival Allowance, Bonus, DA Arrear, Pay Arrear , Leave Surrender, 15,000 രൂപയിൽ കൂടുതലുള്ള Medical Reimbursement എന്നിവയെല്ലാം കൂട്ടി Gross Salary Income കാണണം. Leave Travel Concession, Conveyance Allowance (for performance of duties of an Office), 16,000 വരെയുള്ള Transport Allowance(granted to travel between residence and place of duty), 24,000 വരെയുള്ള Uniform allowance, റിട്ടയർമെൻറ് സമയത്തെ Leave Surrender, Commutation of Pension, Gratuity, PF എന്നിവ ഒഴിവാക്കാം. ഇതിൽ നിന്നും പ്രൊഫഷനൽ ടാക്സ്, വാടക വീട്ടിൽ താമസിക്കുന്നവരുടെ HRA എന്നിവ കുറച്ച് Net Salary Income കാണാം.

### ***HRA***

വാടകവീട്ടിൽ താമസിക്കുകയും ശമ്പളത്തിന്റെ (Pay+DA) പത്തു ശതമാനത്തിൽ കൂടുതൽ വീട്ടുവാടക കൊടുക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് മാത്രമാണ് HRA ഇനത്തിൽ കുറവ് ലഭിക്കാൻ അർഹത. ഇനി പറയുന്ന മൂന്ന് ഇനങ്ങളിൽ ഏറ്റവും കുറഞ്ഞത് മാത്രമാണ് ഇളവായി ലഭിക്കുന്നത്. (1) ആ വർഷം ലഭിച്ച HRA , (2) ശമ്പളത്തിന്റെ (Pay+DA) 10% ത്തിലും കൂടുതലായി വീട്ടുവാടക കൊടുത്തത്. (3) ശമ്പളത്തിന്റെ 40%.

(ഉദാഹരണമായി 15,000 രൂപ ഒരു വർഷം HRA ലഭിക്കുന്ന ഒരാളുടെ ഒരു വർഷത്തെ ശമ്പളം (Pay+DA) 450000 രൂപ ആണെന്നിരിക്കട്ടെ. അയാളുടെ ശമ്പളത്തിന്റെ പത്ത് ശതമാനം 45,000 ആണല്ലോ. അയാൾ ആ വർഷം 44000 വീട്ടുവാടക കൊടുത്തെങ്കിൽ ഇളവ് ഇല്ല. 50,000 കൊടുത്തെങ്കിൽ 5000 രൂപ ഇളവ്. 70,000 രൂപ കൊടുത്തെങ്കിൽ 15,000 രൂപ ഇളവ് )

Net Salary Income ത്തിൽ നിന്നും Housing Loan Interest കുറയ്ക്കുകയും മറ്റ് വരുമാനങ്ങൾ (Income from other Sources) ഉണ്ടെങ്കിൽ അവ കൂട്ടുകയും ചെയ്താൽ GROSS TOTAL INCOME കിട്ടുന്നു.

### ***Housing Loan Interest***

സ്വന്തം താമസത്തിനായി വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ റിപ്പയർ ചെയ്യുന്നതിനോ പുതുക്കി പണിയുന്നതിനോ എടുത്ത ലോണിന്റെ പലിശ നിബന്ധനകൾക്ക് വിധേയമായി കുറയ്ക്കാം. ഇതിനായി പലിശ നൽകേണ്ട സ്ഥാപനത്തിൽ നിന്നും പലിശ സംഖ്യ, ലോൺ എടുത്തതിന്റെ ഉദ്ദേശ്യം എന്നിവ കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. വീടിന്റെ ഉടമസ്ഥാവകാശം ഉള്ള ജീവനക്കാർക്ക് മാത്രമേ ഈ കുറവിന് അർഹതയുള്ളൂ..

A. 1-4-1999 ന് ശേഷം വീട് വാങ്ങുന്നതിനോ ഉണ്ടാക്കുന്നതിനോ എടുത്ത വായ്പയാണെങ്കിൽ പരമാവധി 2 ലക്ഷം രൂപ കുറവ് ലഭിക്കും. രണ്ടു ലക്ഷം ഇളവു ലഭിക്കാൻ ലോൺ എടുത്ത സാമ്പത്തിക വർഷം മുതൽ മൂന്നു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കിയിരിക്കണം. ഇത് കാണിക്കാൻ ഒരു "Self Declaration" നൽകിയാൽ മതിയാകും.

B. 1-4-1999 ന് മുമ്പ് എടുത്ത വായ്പയാണെങ്കിൽ പരമാവധി 30,000 രൂപ മാത്രമേ കുറവ് ലഭിക്കൂ.

C. റിപ്പയർ, പുനർനിർമ്മാണം എന്നിവയ്ക്ക് വേണ്ടി എടുത്ത ലോൺ എന്ന് എടുത്തതാണെങ്കിലും പരമാവധി ഇളവ് 30,000 രൂപയാണ്.

Housing Loan ന്റെ മുതലിലേക്ക് അടച്ച തുക 80 C യിൽ കുറവിന് പരിഗണിക്കും. 80 EE പ്രകാരം ഹൌസിംഗ് ലോൺ പലിശ

HEADTEACHERS BLOG

50,000 രൂപ വരെ നിബന്ധനകൾക്ക് വിധേയമായി അധിക കിഴിവുണ്ട്. See Deductions below.

ഇതിൽ നിന്നും Chapter VI-A യിൽ പറഞ്ഞിരിക്കുന്ന അർഹമായ കിഴിവുകൾ കുറച്ചാൽ കിട്ടുന്നതാണ് Taxable Income. Taxable Income ത്തിനാണ് നാം നിശ്ചിത നിരക്ക് പ്രകാരം ടാക്സ് കണക്കാക്കുന്നത്. Income Tax രേഖകളിലും Form 16 ലും മറ്റും Taxable Income എന്നതിന് Total Income എന്ന് കാണാം.

## Chapter VI -A യിലെ കിഴിവുകൾ

### 80 C Savings and Deposits

നമുക്ക് ലഭിക്കുന്ന പ്രധാന കിഴിവായ Section 80 C പ്രകാരമുള്ള കിഴിവുകൾ പരമാവധി 1,50,000 രൂപയാണ്. 2016-17 വർഷം അടച്ച തുക മാത്രമേ 80 C പ്രകാരം കിഴിവായി ലഭിക്കൂ.

1. Provident Fund ൽ നിക്ഷേപിച്ച subscription തുകയും,നിക്ഷേപിച്ച അരിയറും കിഴിവായി അനുവദിക്കും.

2.ജീവക്കാരന്റെയോ ഭാര്യ/ഭർത്താവിന്റെയോ മക്കളുടെയോ പേരിൽ അടച്ച Life Insurance Premium കിഴിവായി ലഭിക്കും. (1-4-2012 ന മുമ്പ് എടുത്ത പോളിസി ആണെങ്കിൽ പ്രീമിയം പോളിസിയുടെ 20 %ത്തിൽ കൂടരുത് എന്നും 1-4-2012 ശേഷം എടുത്ത പോളിസി ആണെങ്കിൽ പ്രീമിയം പോളിസിയുടെ 10 % ത്തിൽ കൂടരുത് എന്നും വ്യവസ്ഥയുണ്ട്. അതായത് പരമാവധി അനുവദനീയമായ കിഴിവ് പോളിസിയുടെ 20%/ അല്ലെങ്കിൽ 10% വരെയാണ്.)

3. SLI, GIS, FBS എന്നിവ കിഴിവ് ലഭിക്കും. എന്നാൽ GPAIS പറ്റില്ല എന്ന് കാണുന്നു.

4. വീട് നിർമ്മാണത്തിനോ വാങ്ങുന്നതിനോ എടുത്ത വായ്പയുടെ തിരിച്ചടവിൽ മുതലിലേക്കുള്ള ഭാഗം 80 C പ്രകാരം കിഴിവിന് അർഹമാണ്. (എന്നാൽ റിപ്പയറിങ്ങിനോ പുനർനിർമ്മാണത്തിനോ എടുത്ത ലോണിന്റെ മുതലിലേക്കുള്ള തിരിച്ചടവ് അനുവദനീയമല്ല)

5. Scheduled Bank കളിലോ പോസ്റ്റ് ഓഫീസിലോ 5 വർഷത്തിൽ കുറയാത്ത കാലത്തേക്ക് Tax Savings Approved Scheme കളിലെ സ്ഥിരനിക്ഷേപം.

6. Tution Fees - ജീവനക്കാരന്റെ പരമാവധി രണ്ടു കുട്ടികൾക്ക് വേണ്ടി അടച്ച Tution Fees ഇളവായി ലഭിക്കും. പ്രീ പ്രൈമറി ക്ലാസ് മുതലുള്ള ഇന്ത്യയിൽ പഠിക്കുന്ന ഏത് Full Time കോഴ്സും ആവാം. എന്നാൽ Tution Fee അല്ലാതെ മറ്റു ഫീസുകളൊന്നും ഇളവിന് അർഹമല്ല. Entrance Coaching പോലുള്ള സ്പെഷ്യൽ ട്യൂഷനുകൾക്ക് അടയ്ക്കുന്ന ഫീസ് പരിഗണിക്കില്ല.

7. സ്വന്തം താമസത്തിനായി വീട് വാങ്ങിയതിനുള്ള Stamp Duty, Registration ഫീസ് എന്നിവ.

8. പെൺകുട്ടികൾക്കായുള്ള 'സുകന്യ സമൃദ്ധി അക്കൗണ്ട് സ്കീമില് നിക്ഷേപിച്ച തുക

ഇവ കൂടാതെ അംഗീകരിച്ച Superanuation Fund , National Saving Certificate , LIC യുടെയും UTI യുടെയും Unit Linked Insurance Plan , നോട്ടിഫൈ ചെയ്ത Annuity Plan, നോട്ടിഫൈ ചെയ്ത Mutual Fund, ICICI, IDBI, NABARD എന്നിവയുടെ Infrastructure Development Bond എന്നിവയിലെ നിക്ഷേപങ്ങളും Section 80 പ്രകാരം ഇളവിന് അർഹമായ മറ്റു നിക്ഷേപങ്ങളും കുറയ്ക്കാം.

### 80 CCC

LIC യുടെയോ മറ്റു അംഗീകൃത ഇൻഷുറൻസ് സ്ഥാപനങ്ങളിലെയോ പെൻഷൻ പദ്ധതികളായ Annuity Plan കളിലെ നിക്ഷേപം.

### 80 CCD(1)

National Pension Scheme (NPS) ൽ അടച്ച ജീവനക്കാരന്റെ വിഹിതം 80 CCD(1) പ്രകാരം കിഴിവായി ലഭിക്കും. ഇത് ശമ്പളത്തിന്റെ (Pay+DA) യുടെ 10 % ത്തിൽ കൂടാൻ പാടില്ല.

HEADTEACHERSBLOG

Section 80C, 80CCC , 80CCD(1) എന്നിവയുടെ ആകെ കിഴിവ് പരമാവധി 1,50,000 രൂപ വരെയാണ്.

ഇതിനു പുറമേ ഈ 80 CCD(1B) പ്രകാരം 50,000 രൂപ വരെ NPS നിക്ഷേപത്തിന് അധിക കിഴിവ് ലഭിക്കും. 1,50,000 ലക്ഷം വരെയുള്ള കിഴിവിനായി ഉപയോഗിച്ച NPS നിക്ഷേപം കഴിച്ച് ബാക്കിയുള്ളതാണ് 80 CCD(1B) പ്രകാരമുള്ള കിഴിവിന് പരിഗണിക്കുക. ശമ്പളത്തിൻറെ 10% മാത്രം എന്ന നിബന്ധന ഈ കിഴിവിന് ഇല്ല.

**80 CCD(2)**

National Pension Scheme (NPS) ലേക്ക് Government അല്ലെങ്കിൽ Employer അടയ്ക്കുന്ന Employer's Contribution 80 CCD(2) പ്രകാരം കിഴിവിന് അർഹമാണ്. പരമാവധി കിഴിവ് ശമ്പളത്തിന്റെ (Pay+DA) 10% മാത്രമാണ്. Employer's Contribution വരുമാനത്തിന്റെ കൂടെ കൂട്ടിയിട്ടുണ്ടെങ്കിൽ മാത്രമേ കിഴിവ് ലഭിക്കൂ.

**80 CCG**

നോട്ടിഫൈ ചെയ്ത Equity Saving Scheme കളിലെ നിക്ഷേപത്തിന് അനുവദിക്കുന്ന കിഴിവാണ് ഇത്. ഈ വകുപ്പ് പ്രകാരമുള്ള കിഴിവിന് അർഹമായ പദ്ധതിയാണ് Rajiv Gandhi Equity Saving Scheme. നിക്ഷേപത്തിന്റെ പകുതി തുകയ്ക്കുള്ള കിഴിവ് പരമാവധി 25,000 രൂപ വരെ ലഭിക്കും. നിക്ഷേപം നടത്തിയ ശേഷം തുടർച്ചയായ 3 സാമ്പത്തിക വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു വർഷം ഈ കിഴിവ് claim ചെയ്യാം. ഈ നിക്ഷേപം 3 വർഷത്തേക്ക് ലോക്ക് ചെയ്തതായിരിക്കണമെന്നും ജീവനക്കാരന്റെ Gross Total Income 12 ലക്ഷത്തിൽ കൂടരുതെന്നും നിബന്ധനയുണ്ട്.

**80 D (Health Insurance Premium)**

ജീവനക്കാരന്റെയോ ഭർത്താവ് അല്ലെങ്കിൽ ഭാര്യയുടെയോ മക്കളുടെയോ പേരിൽ അംഗീകൃത ഇൻഷ്വറൻസ് കമ്പനികളിൽ അടച്ച Health Insurance പ്രീമിയം, പരമാവധി 25,000 രൂപ വരെ കിഴിവ് ലഭിക്കും. ഇതിൽ ഏതെങ്കിലും ഒരാളുടെ പ്രായം 60 വയസ്സ് പൂർത്തിയായെങ്കിൽ പരമാവധി തുക 30,000 ആണ്. ജീവനക്കാരനോ ഭാര്യയ്ക്കോ മക്കൾക്കോ നടത്തിയ Preventive Health Check up നായി നല്കിയ തുക പരമാവധി 5000 രൂപയും 80D പ്രകാരം കിഴിവിന് അർഹതയുള്ളതാണ്. Senior Citizen ഉൾപ്പെട്ട കുടുംബത്തിന് പരമാവധി 30,000 രൂപയും അല്ലാത്തവയ്ക്ക് പരമാവധി 25,000 രൂപയുമാണ് കിഴിവ്.

ഇത് കൂടാതെ ജീവക്കാരന്റെ മാതാപിതാക്കളുടെ പേരിൽ അടച്ച Health Insurance പ്രീമിയത്തിനു മറ്റൊരു 25,000 കൂടെ ഇളവ് ലഭിക്കും. ഇവരിലൊരാൾ സീനിയർ സിറ്റിസൺ ആണെങ്കിൽ കിഴിവ് പരമാവധി 30,000 വരെ ആവാം. മാതാപിതാക്കൾക്ക് നടത്തിയ Preventive Health Check up 5000 രൂപ വരെ 80D പ്രകാരമുള്ള കിഴിവിന് അർഹമാണ്. Health Insurance ഇല്ലാത്ത 80 വയസ്സുള്ള മാതാപിതാക്കളുടെ ചികിത്സാചെലവിനു 80D പ്രകാരം 30,000 വരെ കിഴിവ് നേടാം. ചികിത്സാചെലവ് നേരിട്ട് പണമായി നൽകിയത് ആവരുത്. മാതാപിതാക്കൾക്കുള്ള ആകെ കിഴിവ് 30,000 അല്ലെങ്കിൽ 25,000 കവിയാൻ പാടില്ല.

Health Insurance പ്രീമിയം, 80 കഴിഞ്ഞവരുടെ ചികിത്സാചെലവ് എന്നിവ നേരിട്ട് പണമായി നൽകാതെ മറ്റെതെങ്കിലും വഴി (Cheque, DD etc) നൽകിയതാവണം . Health Check up ന് പണം നേരിട്ട് നൽകിയതാവാം.

**80 DD - (For Disability of dependants with disability)**

ജീവനക്കാരന്റെ ശാരീരിക, മാനസിക വൈകല്യമുള്ള ഭാര്യ/ഭർത്താവ്, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരുടെ ചികിത്സ, ശുശ്രൂഷ, ട്രെയിനിംഗ്, പുനരധിവാസം എന്നിവയ്ക്ക് വേണ്ടി ചെലവഴിച്ചാലും ഇവരുടെ സംരക്ഷണത്തിനായി ഇൻഷ്വറൻസ് കമ്പനികളിലെ ഇതിനായുള്ള അംഗീകൃത സ്കീമുകളിൽ നിക്ഷേപിച്ചാലും 80DD പ്രകാരം കിഴിവ് ലഭിക്കും. ചെലവഴിച്ച തുക എത്രയായാലും 75,000 രൂപയാണ് കിഴിവ് ലഭിക്കുക. 80% ത്തിൽ കൂടുതൽ വൈകല്യം ഉണ്ടെങ്കിൽ 1,25,000 രൂപ കിഴിവ് ലഭിക്കും.

ഇതിനായി Medical Authority യിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കണം. Autism, Cerebral palsy , Multiple Disability

HEADTEACHERS BLOG

എന്നിവയ്ക്ക് Form 10-IA യിൽ ആണ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്.

**80U (For Employee with disability)**

സാമ്പത്തിക വർഷത്തിലെ ഏതെങ്കിലും കാലത്ത് ജീവനക്കാരന് Disability (40% or above) ഉണ്ടെന്ന Medical Authority സർട്ടിഫൈ ചെയ്താൽ അയാൾക്ക് 75,000 രൂപ കിഴിവ് ലഭിക്കും. 75,000 രൂപ എന്ന നിശ്ചിത തുകയാണ് ഇളവ്. അല്ലാതെ ചെലവഴിച്ച തുകയല്ല. കടുത്ത വൈകല്യം ഉള്ള ആളാണെങ്കിൽ (Above 80 % disability) 1,25,000 രൂപ ഇളവുണ്ട്. 80DD യിലേതു പോലെ തന്നെ ഇവിടെയും സർട്ടിഫിക്കറ്റ് ഹാജരാക്കണം. Disability താല്ക്കാലികമാണെങ്കിൽ പുതിയ സാമ്പത്തിക വർഷം വീണ്ടും പുതിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

Autism, Cerebral palsy, Multiple Disability എന്നിവയുള്ളവർ 80DD, 80U കിഴിവുകൾക്ക് Form 10-1A യിലാണ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്. MD ഉള്ള Neurologist / Pediatric Neurologist അല്ലെങ്കിൽ സർക്കാര് ആശുപതികളിലെ Civil Surgeon / Chief Medical Officer എന്നിവരിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങാം.

**80 DDB (For Medical treatment of specified diseases)**

ജീവനക്കാരൻ, ഭർത്താവ് അല്ലെങ്കിൽ ഭാര്യ, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരിൽ ആർക്കെങ്കിലും ഉള്ള പ്രത്യേക രോഗങ്ങൾക്കുള്ള ചികിത്സാചെലവ് 80DDB പ്രകാരം കിഴിവ് അനുവദിക്കും.

Neurological diseases (dementia , chorea , motor neuron disease , ataxia , parkinson disease etc ) , malignant cancer , aids, chronic renal failure , hemophilia , thalassemia എന്നിവയുടെ ചികിത്സ ചെലവുകൾക്കാണ് അർഹതയുള്ളത്. 40,000 രൂപയാണ് പരമാവധി ലഭിക്കാവുന്ന കിഴിവ്. എന്നാൽ രോഗി Senior Citizen (60 വയസ്സിനു മുകളിൽ) ആണെങ്കിൽ 60,000 രൂപ വരെ കിഴിവ് ലഭിക്കും. 80 വയസ്സ് കഴിഞ്ഞവർക്ക് പരമാവധി 80,000 രൂപ വരെ കിഴിവ് ലഭിക്കും. അതാത് രോഗങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടറിൽ നിന്നും Prescription ഹാജരാക്കണം. ഈ Prescription ൽ രോഗിയുടെ പേര്, വയസ്സ്, രോഗത്തിന്റെ പേര്, സ്പെഷലിസ്റ്റ് ഡോക്ടറുടെ പേര്, അഡ്രസ്സ്, രജിസ്ട്രേഷൻ നമ്പര്, യോഗ്യത എന്നിവ ഉണ്ടായിരിക്കണം. ഗവണ്മെന്റ് ആശുപത്രികളിലെ ഡോക്ടർമാര് തന്നെ വേണമെന്ന് നിർബന്ധമില്ല. Reimbursement അല്ലെങ്കിൽ insurance തുക ലഭിച്ചെങ്കിൽ അത് കഴിച്ചേ ഇളവ് ലഭിക്കൂ.

**80 E (Interest on loan for higher education )**

ഭർത്താവ്/ഭാര്യയുടെയോ മക്കളുടെയോ താൻ ലീഗൽ ഗാർഡിയൻ ആയ കുട്ടികളുടെയോ ഉന്നതവിദ്യാഭ്യാസത്തിന് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നോ ചാരിറ്റബിൾ സ്ഥാപനങ്ങളിൽ നിന്നോ ജീവനക്കാരൻ എടുത്ത വായ്പയുടെ പലിശയായി അടച്ച സംഖ്യ 80U പ്രകാരം കിഴിവ് ലഭിക്കും.പലിശ അടച്ചു തുടങ്ങിയ വർഷം മുതൽ ഏഴ് വർഷക്കാലമാണ് ഈ കിഴിവ് ലഭിക്കുക. Higher Secondary Examination ന് ശേഷം പഠിക്കുന്ന കോഴ്സുകളെയാണ് Higher education എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിദേശത്ത് പഠിക്കാൻ വേണ്ടി എടുത്ത ലോണിന്റെ പലിശയ്ക്കും ഈ ഇളവ് ലഭിക്കും. 80E പ്രകാരമുള്ള കിഴിവിന് പരിധി ഇല്ല.

**80 G (Donations to notified Funds and charitable institutions)**

ചില Notified Fund കളിലേക്കും Charitable Institution കളിലേക്കും നൽകിയ സംഭാവന 80G പ്രകാരം കിഴിവ് ലഭിക്കും. ശമ്പളത്തിൽ നിന്നും കുറയ്ക്കുന്ന ടാക്സ് (TDS) കണക്കാക്കുന്നതിന് ഇത് പരിഗണിക്കില്ല. Income Tax Return സമർപ്പിക്കുന്ന അവസരത്തിൽ അതിൽ കാണിച്ച് ഇളവ് നേടാം. (ചില Notified Fund കളിലേക്ക് സ്ഥാപനം വഴി ശേഖരിച്ച സംഭാവന TDS ന് പരിഗണിക്കും.)

HEADTEACHERS BLOG

**80GGC (Donation to political parties)**

80GGC പ്രകാരമുള്ള കിഴിവ് TDS ന് പരിഗണിക്കില്ല. Income Tax Return സമർപ്പിക്കുന്ന അവസരത്തിൽ കിഴിവ് കാണിക്കാം. Representation of the People Act ന്റെ Section 29A പ്രകാരം രജിസ്റ്റർ ചെയ്ത പാർട്ടികൾക്ക് നൽകിയ സംഭാവന കിഴിവ് ലഭിക്കും. കാഷ് ആയി നല്കിയ സംഭാവന പരിഗണിക്കില്ല. Cheque , DD, Credit card , Internet banking എന്നിവയിലൂടെ നൽകിയതാവാം. സംഭാവന പൂർണ്ണമായി കിഴിവിന് പരിഗണിക്കും.

**80TTA (Interest in SB Account)**

ബാങ്ക് , കോ -ഓപ്പറേറ്റീവ് ബാങ്ക് , പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ SB Account കളിൽ നിന്നും ലഭിച്ച പലിശ പരമാവധി 10,000 രൂപ കിഴിവായി ലഭിക്കും. നിങ്ങൾ മറ്റ് വരുമാനം എന്ന നിലയിൽ Gross Total Income ത്തിൽ പലിശ കൂട്ടിയിട്ടുണ്ടെങ്കിൽ മാത്രമേ ഈ കിഴിവിന് അർഹതയുള്ളൂ. സ്ഥിരനിക്ഷേപത്തിൻറെ പലിശയ്ക്ക് 80TTA പ്രകാരം കിഴിവില്ല.

**80EE (Interest of Housing Loan)**

വീട് നിർമ്മാണത്തിനും വാങ്ങുന്നതിനും എടുത്ത ഹൌസിംഗ് ലോണിന്റെ Interest 2 ലക്ഷം വരെ Income from House Property എന്ന ശീർഷകത്തിൽ നഷ്ടമായി കാണിച്ച് കുറച്ചിരിക്കുമല്ലോ. ഇതിലും കൂടുതൽ അടച്ചിട്ടുണ്ടെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000 രൂപ കൂടി 80EE പ്രകാരം കുറയ്ക്കാം. നിബന്ധനകൾ (1) ലോൺ 2016 ഏപ്രിൽ 1 നും 2017 മാർച്ച് 31 നും ഇടയി ൽ എടുത്തതാവണം. (2) ലോൺ അനുവദിക്കുന്ന അവസരത്തില് വീട് ഉണ്ടായിരിക്കരുത്. (3) വീടിൻറെ വില 50 ലക്ഷത്തിലും ലോണ് 35 ലക്ഷത്തിലും കുറവായിരിക്കണം. (4) ലോൺ ഒരു Financial Institution ൽ നിന്നും എടുത്തതാവണം.

Chapter VI -A യിലെ പ്രധാന കിഴിവുകൾ ഇവയാണ്. ഇവയിൽ 80 G, 80 GGC എന്നിവ ഒഴികെ എല്ലാ കിഴിവുകളും DDO യ്ക്ക് അനുവദിക്കാവുന്നവയാണ്. മതിയായ രേഖകൾ പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെട്ട് വേണം അനുവദിക്കാൻ.

മുകളില് പറഞ്ഞ അർഹമായ കിഴിവുകൾ കുറച്ചാ ൽ Taxable Income കിട്ടുന്നു. ഇതിനു ഈ വർഷത്തെ നിരക്ക് പ്രകാരം ടാക്സ് കണക്കാക്കണം.

## INCOME TAX RATE for 2016-17

**60 വയസ്സിൽ താഴെയുള്ളവർക്കുള്ള Normal Rate** ആവും നമുക്കാവശ്യം.സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ നിരക്ക് തന്നെ.

1.) Taxable Income 2,50,000 രൂപ വരെ ടാക്സ് ഇല്ല.

2.) 2,50,000 ത്തിന് മുകളിൽ 5,00,000 വരെ : 2,50,000 ത്തിനു മുകളിലുള്ള തുകയുടെ 10 %.. ഇതിൽ നിന്നും Section 87A പ്രകാരമുള്ള റിബേറ്റ് പരമാവധി 5000 രൂപ കുറയ്ക്കാം. ഫലത്തിൽ 3,00,000 ത്തിന് മുകളിൽ മാത്രമേ ടാക്സ് ഉണ്ടാവൂ.

3.) 5,00,000 ത്തിനു മുകളിൽ 10,00,000 വരെ : 25,000 രൂപയും 5,00,000 ത്തിന് മുകളിൽ വരുന്നതിന്റെ 20 % വും കൂട്ടിയ തുക. (5 ലക്ഷത്തിന് മുകളിൽ Taxable Income ഉണ്ടെങ്കിൽ Rebate കിട്ടില്ല)

4.) 10,00,000 ത്തിനു മുകളിൽ : 1,25,000 രൂപയും 10 ലക്ഷത്തിന് മുകളിൽ വരുന്നതിന്റെ 30 % വും കൂട്ടിയ തുക.

**60 വയസ്സ് മുതൽ 80 വയസ്സ് വരെയുള്ളവർക്ക്** ഉള്ള നിരക്ക്

1.) Taxable Income 3,00,000 വരെ ടാക്സ് ഇല്ല.

2.) 3,00,000 മുതൽ 5,00,000 വരെ : 3 ലക്ഷത്തിനു മുകളിൽ വരുന്നതിന്റെ 10 %. ഇതിൽ നിന്നും Section 87A പ്രകാരമുള്ള റിബേറ്റ് പരമാവധി 5000 രൂപ കുറയ്ക്കാം.

HEADTEACHERS BLOG

3.) 5,00,000 ലക്ഷം മുതൽ 10,00,000 വരെ : 20,000 രൂപയും 5,00,000 ത്തിന് മുകളിൽ വരുന്നതിന്റെ 20 % വും കൂട്ടിയ തുക.

(5 ലക്ഷത്തിന് മുകളിൽ Total Income ഉണ്ടെങ്കിൽ Rebate കിട്ടില്ല)

4.) 10,00,000 ത്തിനു മുകളിൽ : 1,20,000 രൂപയും 10 ലക്ഷത്തിന് മുകളിൽ വരുന്നതിന്റെ 30 % വും കൂട്ടിയ തുക.

**80 വയസ്സിന് മുകളിലുള്ളവർക്ക്**

1.) Taxable Income 5,00,000 വരെ ടാക്സ് ഇല്ല.

2.) 5,00,000 മുതൽ 10,00,000 വരെ : 5 ലക്ഷത്തിനു മുകളിൽ വരുന്ന തുകയുടെ 20%.

3.) 10,00,000 ത്തിനു മുകളിൽ : 1,00,000 രൂപയും 10 ലക്ഷത്തിന് മുകളിൽ വരുന്ന തുകയുടെ 30 % വും കൂട്ടിയ തുക.

## SURCHARGE

ഒരു കോടിക്ക് താഴെ Taxable Income ഉള്ളവർക്ക് Surcharge ഇല്ല.

## EDUCATION CESS

ആദായ നികുതിയുടെ 2 % Education Cess ഉം 1 % Secondary and Higher Education Cess ഉം കൂടി ആകെ 3 % Cess കൂടി നികുതിയോട് കൂട്ടണം. ഇതാണ് ഈ സാമ്പത്തികവർഷം അടയ്ക്കേണ്ട ടാക്സ്.

## Relief u/s 89(1)

മുൻവർഷങ്ങളിൽ ലഭിക്കേണ്ട ശമ്പളം,DA തുടങ്ങിയവയിൽ ഏതെങ്കിലും അരിയറായി ഈ വർഷം ലഭിച്ചത് മൂലം ഉണ്ടായ ടാക്സ് വർദ്ധനവിൽ നിന്ന് രക്ഷ നേടാൻ Section 89 (1) നമ്മെ സഹായിക്കും. മുൻവർഷങ്ങളിലേക്കുള്ള ശമ്പളം അതാത് വർഷങ്ങളിലെ വരുമാനത്തോട് കൂട്ടി ടാക്സ് കാണുകയും ഈ വർഷത്തെ വരുമാനത്തിൽ നിന്ന് കുറച്ച് ടാക്സ് കാണുകയും ചെയ്യുന്ന കണക്ക് Form 10E യിൽ ചെയ്ത് നമുക്ക് Tax Relief നേടാം. ഇതിന് സഹായകരമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാം.

Form 10E വഴി Relief ന് അർഹതയുണ്ടെങ്കിൽ അത് അടയ്ക്കേണ്ടതായ ടാക്സിൽ നിന്നും കുറയ്ക്കാം. ആകെ അടയ്ക്കേണ്ട ടാക്സ് കണക്കാക്കി അതിൽ നിന്നും 10E ഫോം വഴി ലഭിച്ച റിലീഫും മുൻമാസങ്ങളിൽ ശമ്പളത്തിൽ നിന്നും TDS ആയി കുറച്ച ടാക്സും ആകെ ടാക്സിൽ നിന്നും കുറയ്ക്കുക. ഇതാണ് ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും കുറയ്ക്കേണ്ടത്.

## നികുതി കുറയ്ക്കാനുള്ള മാർഗങ്ങൾ

80 C പ്രകാരം ഉള്ള കിഴിവ് 1,50,000 രൂപ ഇല്ലാത്ത വ്യക്തികൾക്ക് PF ൽ നിക്ഷേപിച്ച് നികുതിയിളവ് നേടുന്നതാവും ഏറ്റവും ഫലപ്രദം. കൂടാതെ ബാങ്കുകളിലും പോസ്റ്റ് ഓഫീസുകളിലും 5 വർഷത്തിൽ കുറയാത്ത ടാക്സ് സേവിങ്ങ് സ്ഥിര നിക്ഷേപം, പോസ്റ്റ് ഓഫീസ് National Saving Certificate, സുകന്യ സമൃദ്ധി അക്കൗണ്ട്, NPS, LIC എന്നിവയിൽ നിക്ഷേപിച്ചും 80 C Deductions വർദ്ധിപ്പിക്കാം. നിക്ഷേപിക്കുമ്പോൾ അവ ടാക്സ് ബെനഫിറ്റ് ഉള്ളതാണെന്ന് ഉറപ്പുവരുത്തണം.

Taxable Income 5,00,000 ത്തിൽ കൂടുതലാണെങ്കിൽ 5,000 രൂപ Rebate നഷ്ടപ്പെടും എന്നത് കൊണ്ടും 5 ലക്ഷത്തിനു മുകളിൽ 20% ടാക്സ് നൽകണം എന്നത് കൊണ്ടും Taxable Income കുറയ്ക്കാനുള്ള മാർഗങ്ങ ൾ തേടുന്നത് നന്നാവും. ഇവർക്കും 80 C കുറവാണെങ്കിൽ ഇളവ് ലഭിക്കുന്ന നിക്ഷേപങ്ങൾ നടത്താം. Mediclaim പോലുള്ള ഹെൽത്ത് ഇൻഷുറൻസ് പ്രീമിയം, Preventive Health Check up, 80 കഴിഞ്ഞ രക്ഷിതാക്കളുടെ ചികിത്സാ എന്നിവയിലൂടെ 80 D പ്രകാരം Taxable Income കുറയ്ക്കാം. Rajiv Gandhi Equity Savings Scheme ൽ നിക്ഷേപിക്കുന്നതിന്റെ പകുതി 25,000 രൂപ വരെ 80 CCG പ്രകാരം കിഴിവിന് അർഹമാണ്. ഇത് ലാഭകരമാണോ എന്ന് ആദ്യം പരിശോധിക്കുക.

HEADTEACHERS BLOG

ലീവ് സറണ്ടർ പോലുള്ള വരുമാനങ്ങള് ഈ വർഷം വാങ്ങാതെ Taxable Income കുറയ്ക്കാം. അടുത്ത വർഷം വാങ്ങാന് സാധിക്കുമെങ്കിൽ മെച്ചം ഉണ്ടായേക്കും. അടുത്ത വർഷം Tax Limit വർദ്ധിപ്പിച്ചെങ്കില് മാത്രമേ മെച്ചം പ്രതീക്ഷിക്കേണ്ടതുള്ളൂ.

## INCOME TAX - അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### TDS - സ്രോതസ്സിൽ നിന്നും ടാക്സ് കുറയ്ക്കൽ

ഓരോ വ്യക്തിയും ഒരു Financial Year ലെ വരുമാനത്തിന് ഇൻകം ടാക്സ് കണക്കാക്കി ആ വർഷം മാർച്ച് 31 നകം അടച്ചിരിക്കണം. ശമ്പളവരുമാനക്കാരുടെ ടാക്സ് DDO (Drawing and Disbursing Officer) ആണ് ശമ്പളത്തിൽ നിന്നും കുറച്ച് അടയ്ക്കേണ്ടത്. ഓരോ വർഷത്തിൻറെയും തുടക്കത്തിൽ ജീവനക്കാരന് ആ വർഷം പ്രതീക്ഷിക്കുന്ന ആകെ വരുമാനം കണക്കാക്കി പ്രതീക്ഷിക്കുന്ന എല്ലാ കിഴിവുകളും കുറച്ച് പുതിയ നിരക്ക് പ്രകാരം ടാക്സ് കാണണം. ഇതിനായി 'Anticipatory Income Tax Statement' തയ്യാറാക്കണം. ഇത് DDO യ്ക്ക് സമർപ്പിക്കണം. ഇതിലുള്ള ടാക്സിൻറെ 12 ല് ഒരു ഭാഗം ഓരോ മാസത്തെയും ശമ്പളത്തിൽ നിന്നും കുറയ്ക്കേണ്ടത് DDO ആണ്. 'Anticipatory Income Tax Statement' നൽകാന് വീഴ്ച വരുത്തിയാൽ DDOയ്ക്ക് പുറത്തുള്ള കിഴിവുകൾ പരിഗണിക്കാതെ ടാക്സ് കണക്കാക്കേണ്ടി വരും.

സാമ്പത്തിക വർഷത്തിനിടയിൽ ശമ്പളത്തിലോ കിഴിവുകളിലോ വലിയ വർദ്ധനയോ കുറവോ ഉണ്ടായാൽ ആ സമയം പുതിയ Anticipatory Statement തയ്യാറാക്കി ടാക്സ് കണക്കാക്കി ബാക്കിയുള്ള മാസങ്ങളില് തുല്യ തവണകളാക്കി കുറയ്ക്കണം.

PAN കാർഡ് ഇല്ലാത്ത ഒരാളിൽ നിന്നും ടാക്സ് കുറയ്ക്കേണ്ടി വന്നാൽ അയാളുടെ Taxable Incomeത്തിൻറെ 20 % TDS ആയി കുറയ്ക്കണം.

### Filing of Statement by Treasury Officer

സ്ഥാപനത്തിൽ നിന്നും കുറയ്ക്കുന്ന നികുതി ട്രഷറിയിലാണല്ലോ എത്തിച്ചേരുന്നത്. ഓരോ സ്ഥാപനത്തിൽ നിന്നും ഒരു മാസം ലഭിച്ച ടാക്സിന്റെ കണക്ക് അതാത് ജില്ലാ ട്രഷറി ഓഫീസർമാര് ആദായനികുതി വകുപ്പിന് നൽകുന്നു. 24 G ഫോറത്തിൽ ഓൺലൈന് ആയി അടുത്ത മാസം പത്താം തിയ്യതിക്ക് മുമ്പാണ് ഇത് സമർപ്പിക്കുന്നത്. 24 G ഫോറത്തിൽ ജില്ലാ ട്രഷറി ഓഫീസർ നൽകിയ നമ്മുടെ സ്ഥാപനത്തിന്റെ കണക്ക് NSDL വെബ്സൈറ്റിലെ "BIN VIEW" വഴി നമുക്ക് പരിശോധിക്കാവുന്നതാണ്. ഇത് പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടത് DDO യുടെ ചുമതലയാണ്. വ്യത്യാസം കണ്ടാൽ ഉടനെ ട്രഷറിയില് രേഖാമൂലം അറിയിക്കണം.

### E TDS Return Filing by DDO

ട്രഷറി വഴി ഓരോ മാസവും അടച്ച ടാക്സ് അതാത് സ്ഥാപനത്തിന്റെ TAN നമ്പറിൽ ആണ് അടച്ചിരിക്കുക. ഇത് ഏതൊക്കെ ജീവനക്കാരുടെ ടാക്സ് ആണ് എന്ന് ആദായനികുതി വകുപ്പിനെ അറിയിക്കേണ്ടത് DDO യുടെ ചുമതലയാണ്. ഇതിനാണ് ഓരോ മൂന്ന് മാസത്തിന് ശേഷവും E TDS Return സമർപ്പിക്കുന്നത്. RPU എന്ന ആദായനികുതി വകുപ്പിന്റെ Software ഉപയോഗിച്ച് ഇത് തയ്യാറാക്കാം. സോഫ്റ്റ്വെയര് വഴി തയ്യാറാക്കുന്ന .fvu ഫയൽ CD യിൽ കോപ്പി ചെയ്ത് അടുത്തുള്ള Tin Facilitation Centre ൽ upload ചെയ്യാൻ നൽകാം. E TDS Return തയ്യാറാക്കിയാൽ ലഭിക്കുന്ന 27 A എന്ന ഫോറവും ഒപ്പിട്ടു നൽകണം. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളില് ട്രഷറിയിൽ നൽകിയ ടാക്സിന്റെ E TDS റിട്ടേൺ (ഒന്നാം Quarter) ജൂലൈ 31 നകം upload ചെയ്യണം. വൈകുന്ന ഓരോ ദിവസത്തേക്കും 200 രൂപയാണ് പിഴ. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളില് ഒടുക്കിയ ടാക്സിന്റെ E TDS Return (രണ്ടാം Quarter) നൽകേണ്ടത് ഒക്ടോബര് 31 നകമാണ്. ഒക്ടോബർ, നവംബര്, ഡിസംബര് മാസങ്ങളിലേത് ജനുവരി 31 നകം സമർപ്പിക്കണം. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയ ടാക്സിന്റെ E TDS Statement മെയ് 31 നകം നൽകണം. ഇതിൽ ഓരോ ജീവനക്കാരന്റെയും ഓരോ



HEADTEACHERS BLOG

മാസത്തെയും ടാക്സ്, നൽകിയ ശമ്പളം എന്നീ വിവരങ്ങളോടൊപ്പം 'Income Tax Statement'ലെ മുഴുവൻ വിവരങ്ങളും അതിലെ Annexure II ൽ കാണിക്കണം. ഇങ്ങനെ ഉൾപ്പെടുത്തിയവരുടെ Form 16 മാത്രമേ പിന്നീട് ഡൌൺലോഡ് ചെയ്ത് കിട്ടുകയുള്ളൂ.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറച്ച ടാക്സ് വീണ്ടും അടയ്ക്കാന് നോട്ടീസ് വരാനുള്ള കാരണം മിക്കപ്പോഴും E TDS Return ൽ വന്ന തെറ്റായിരിക്കും. ഇങ്ങനെയുള്ള സന്ദർഭത്തിൽ DDO യോട് E TDS Return കറക്റ്റ് ചെയ്യാൻ ആവശ്യപ്പെടാം.

**Final Income Tax Statement**

മാർച്ച് ആദ്യ വാരത്തില് ലഭിക്കുന്ന ഫെബ്രുവരി മാസശമ്പളം ആണ് ആ വർഷത്തെ അവസാന ശമ്പളം. അത് കൊണ്ട് എല്ലാ വരുമാനങ്ങളും കിഴിവുകളും പരിഗണിച്ച് ടാക്സ് കൃത്യമായി കണക്കാക്കി 'Income Tax Statement' DDO ക്ക് നൽകണം. അർഹമായ കിഴിവുകളുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിന് DDO യ്ക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കണം. DDO അനുവദിക്കാത്ത കിഴിവുകൾ Income Tax Return ഫയൽ ചെയ്യുമ്പോള് അതിൽ ഉൾപ്പെടുത്തുകയും Assessing Officer രേഖകൾ ആവശ്യപ്പെടുമ്പോൾ കാണിക്കുകയും ചെയ്യാം.

**Form 16 (TDS Certificate) നൽകൽ**

നാല് ക്വാർട്ടറുകളിലെയും E TDS Return സമർപ്പിച്ച് കഴിഞ്ഞാൽ DDO യുടെ അടുത്ത ഉത്തരവാദിത്വമാണ് ടാക്സ് കുറച്ച ജീവനക്കാർക്കെല്ലാം Form 16 (TDS Certificate) നൽകുക എന്നത്. മെയ് 31 ന് മുമ്പ് ഇത് നൽകിയിരിക്കണം. ഇതിൻറെ Part A ആദായ നികുതി വകുപ്പിൻറെ TDS ഇടപാടുകാർക്കുള്ള സൈറ്റ് ആയ TRACES (www.tdscpc.gov.in) ൽ നിന്നും DDO ഡൌൺലോഡ് ചെയ്യണം. Part B DDO സ്വയം തയ്യാറാക്കി Part A യോട് ഒപ്പം വെരിഫൈ ചെയ്ത് ഒപ്പോടു കൂടി നൽകണം. നാലാമത്തെ Quarter E TDS Return നൽകി കഴിഞ്ഞേ Form 16 Part A ഡൌൺലോഡ് ചെയ്യാന് സാധിക്കൂ. അത് കൊണ്ട് മെയ് 15 നകം Fourth Quarter E TDS Return സമർപ്പിക്കാന് DDOമാർ ശ്രദ്ധിക്കണം. മെയ് 31 നകം Form 16 നൽകിയില്ലെങ്കിൽ വൈകുന്ന ഓരോ ദിവസത്തേക്കും 100 രൂപ വീതം penalty ചുമത്താവുന്നതാണ്.

**Income Tax Return**

നികുതി പരിധിക്ക് മുകളിൽ അതായത് 2,50,000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള എല്ലാവരും ജൂലൈ 31 നകം Income Tax Return സമർപ്പിക്കണം. ഇത് തയ്യാറാക്കാൻ Form 16 ആവശ്യമായി വരും.

ബാങ്ക് പലിശ പോലുള്ള മറ്റ് വരുമാനങ്ങൾ ഉള്ളവര് അത് കൂടി ഉൾപ്പെടുത്തി ആകെ വരുമാനത്തിനു ടാക്സ് സ്വയം കണ്ടെത്തി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ അടച്ച് തീർക്കണം. (Savings Bank Account പലിശ 10,000 രൂപ വരെ 80 TTA പ്രകാരം കിഴിവുണ്ട്) Family Pension ലഭിക്കുന്ന തുക Income from other sources എന്ന headൽ ഉൾപ്പെടുത്തി ആകെ വരുമാനത്തിൽ കൂട്ടണം. ബാങ്ക് പലിശ ലഭിക്കാൻ സാധ്യതയുള്ളവര് E Filing സൈറ്റിൽ ലോഗിന് ചെയ്ത് 26 AS ഡൌൺലോഡ് ചെയ്ത് നോക്കണം. അതിൽ Part A എന്ന പട്ടികയിൽ TDS ആയി കുറച്ച ടാക്സ് കാണാം. Part 1A മുതൽ Part G വരെയുള്ള ഏതെങ്കിലും പട്ടികയില് നിങ്ങളുടെ പേരിൽ ടാക്സ് വന്നിട്ടുണ്ടോ എന്ന് നോക്കുക. നിങ്ങളുടെ PAN നമ്പറിൽ ബാങ്കുകളോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ നിങ്ങൾക്കുള്ള വരുമാനത്തിൽ നിന്നും ടാക്സ് പിടിച്ച് അടച്ചിരിക്കാം. ബാങ്കിൽ നിന്നും നിങ്ങൾക്ക് 10,000 രൂപയിലധികം interest നൽകിയെങ്കിൽ അവര് അതിൻറെ 10% ടാക്സ് deduct ചെയ്ത് PAN നമ്പറിൽ അടച്ചിരിക്കും. നിങ്ങൾ ബാങ്കില് ടാക്സ് നേരിട്ട് അടച്ചിട്ടുണ്ട് എങ്കിൽ അത് Part C യിലും കാണും. ഇങ്ങനെയുള്ള മറ്റു വരുമാനങ്ങളും ശമ്പളവും ഉൾപ്പെടുത്തി ടാക്സ് കാണുക. 26AS ൽ നിങ്ങള് ആകെ അടച്ച ടാക്സ് എത്രയെന്നു നോക്കുക. അടച്ച ടാക്സ് കുറവാണെങ്കിൽ കുറവുള്ള സംഖ്യ ബാങ്കിൽ ITNS 280 ചലാന് ഉപയോഗിച്ച് അടയ്ക്കണം. Income Tax Challan ITNS 280 ഉപയോഗിച്ച് സ്വന്തം PAN നമ്പറിൽ ടാക്സ് ബാങ്കുകളിൽ അടയ്ക്കാം.

HEADTEACHERS BLOG

10E ഫോം ഉപയോഗിച്ച് Section 89 പ്രകാരമുള്ള റിലീഫ് നേടിയവര് ഒരു പ്രത്യേക കാര്യം ശ്രദ്ധിക്കുക. Income Tax Return ഫയൽ ചെയ്യുമ്പോൾ E Filing Portalൽ 10E ഫോം എടുത്ത് പൂരിപ്പിച്ച് submit ചെയ്ത ശേഷം മാത്രമേ ITR തയ്യാറാക്കി submit ചെയ്യാവൂ. റിട്ടേൺ ശരിയായി ഫയൽ ചെയ്യുന്നതോടെ ആ വർഷത്തെ നികുതി സംബന്ധമായ കാര്യങ്ങള് പൂർത്തിയായി.

HEADTEACHERS BLOG